# Official Spokesperson's response to media queries on the Press Conference by Pakistan’s MoFA and the Establishment

November 15, 2020

## പാകിസ്താന്റെ വിദേശകാര്യമന്ത്രിയും അനുബന്ധ അധികാരികളുമായി നടത്തിയ പത്ര സമ്മേളനത്തെത്തുടർന്നുള്ള മാധ്യമഅന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ മറുപടി.

**നവംബർ** 15, 2020

**`പാകിസ്താന്റെ വിദേശകാര്യമന്ത്രിയും അനുബന്ധ അധികാരികളുമായി നടത്തിയ പത്ര സമ്മേളനത്തെത്തുടർന്നുള്ള മാധ്യമഅന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ.അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു:**

പാകിസ്ഥാൻ അധികാരകേന്ദ്രങ്ങൾ നടത്തിയ പത്ര സമ്മേളനത്തിന്റെ മാധ്യമ റിപ്പോർട്ടുകൾ ഞങ്ങൾ കണ്ടിരുന്നു. ഇത് മറ്റൊരു നിഷ്ഫലമായ ഭാരതവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമാണ്.

ഇതിൽ അവകാശപ്പെടുന്ന ഇന്ത്യയ്ക്കെതിരായ തെളിവുകൾക്ക് ഒരു സാധുതയുമില്ല , ഇവ തികച്ചും കൃത്രിമവും ഭാവനയിൽ നിന്നുള്ളതുമാണ്. പാകിസ്താന്റെ തന്ത്രങ്ങൾ അറിയുന്ന അന്താരാഷ്ട്ര സമൂഹത്തിൽ ഇത് വിശ്വസാസിക്കുന്നവർ വളരെ കുറവ് മാത്രമായിരിക്കും കൂടാതെ തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നുവെന്നതിനുള്ള തെളിവുകൾ ഭരണകൂടം തന്നെ സമ്മതിക്കുകയും ചെയ്തിരുന്നു.

ആഗോള തീവ്രവാദത്തിന്റെ തന്നെ മുഖമായ ഒസാമബിൻ ലാദനെ പാകിസ്ഥാനിൽ നിന്നാണ് പിടികൂടിയത്; പാർലിമെന്റിൽ നിന്നും 'രക്തസാക്ഷി' എന്ന പേരിൽ പ്രധാനമന്ത്രി അദ്ദേഹത്തെ പുകഴ്ത്തുകയാണുണ്ടായത്; പാകിസ്ഥാനിൽ **40,000** തീവ്രാദികളുടെ സാനിധ്യം അദ്ദേഹം സമ്മതിച്ചിരുന്നു;**40** ഇന്ത്യൻ സൈനികർ രക്തസാക്ഷിത്വം വഹിച്ച പുൽവാമ ഭീകരാക്രമണത്തെ അവരുടെ ശാസ്ത്ര സാങ്കേതിക മന്ത്രി പാകിസ്താന്റെ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിജയമെന്ന പേരിൽ അവകാശപ്പെടുകയുണ്ടായി..

**2003** ലെ സമാധാനത്തിനു ശാന്തിയ്ക്കുമുള്ള പരസ്പരധാരണയ്ക്കു ശേഷം പലതവണ വെടിനിർത്തലിനും ഉടമ്പടികൾ പാലിക്കുന്നതിനും പാകിസ്താനോട് ആവശ്യപ്പെട്ടിട്ടുണ്ട് എങ്കിലും പാകിസ്താനി സൈന്യത്തെ നുഴഞ്ഞു കൈയേറ്റക്കാർക്ക് അനുകൂലമായി വെടിവയ്പ് നടത്തിയിരുന്നു. ഇത്തരത്തിലുള്ള തീവ്രവാദികളുടെ നുഴഞ്ഞുകയറ്റവും തീവ്രവാദ പ്രവർത്തങ്ങൾക്കായുള്ള ആയുധക്കടത്തും നിരന്തരം

തുടർന്നുകൊണ്ടിരിക്കുന്നു. LoC യിൽ വിന്യസിച്ചിട്ടുള്ള പാകിസ്താനി സൈനികരുടെ സഹായത്തിടെയല്ലാതെ ഇത് സാധ്യമാകുന്നതല്ല.

ആഭ്യന്തര രാഷ്ട്രീയത്തിൽ നിന്നും സാമ്പത്തിക പരാജയങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുന്നതിനുള്ള പാകിസ്താനി അധികാരികളുടെ മനഃപൂർവമായുള്ള ശ്രമമാണ് ഇത്തരത്തിലൊരു പത്ര സമ്മേളനം. ഇത് അതിർത്തികൾക്കിടയിലുള്ള തീവ്രവാദത്തെയും വെടിനിർത്തൽ ലംഘനങ്ങളെയും LoC, IB എന്നിവയിലൂടെയുള്ള നുഴഞ്ഞുകയറ്റങ്ങളെയും ന്യായീകരിക്കാനും ശ്രമിക്കുന്നു.

അതിർത്തിയിലെ തീവ്രവാദത്തിനു നൽകുന്ന പിന്തുണ അവസാനിപ്പിക്കാൻ ഞങ്ങൾ പാകിസ്താനോട് ആവശ്യപ്പെടുകയാണ്.രാജ്യം തീവ്രവാദികളെ രൂപപ്പെടുത്തുന്ന ഒരു നിർമ്മാണകേന്ദ്രമായിരിക്കുന്നുവെന്ന വസ്തുത പാകിസ്താനി നേതാക്കളും മറച്ചു വയ്ക്കുന്നില്ല. ഇതുപോലെ ലക്ഷ്യം വച്ചിട്ടുള്ള മറ്റു അയൽ രാജ്യങ്ങളിൽ നിന്നുള്ള പ്രസ്താവനകളിലൂടെ ഇന്ത്യ മാത്രമല്ല ഇതിലൂടെ കടന്നു പോകുന്നതെന്ന് മനസിലാക്കാവുന്നതാണ്.ലോകത്തിലെ പല വിദൂര ഭാഗങ്ങളിലും പാകിസ്ഥാൻ പാകിസ്ഥാൻ നിയന്ത്രിതമായ തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കാവുന്നതാണ്. രേഖകൾ കെട്ടിച്ചമയ്ക്കുന്നതും തെറ്റായ വ്യാഖ്യാനങ്ങൾ പ്രസാഹാരിപ്പിക്കുന്നതും പാകിസ്താന്റെ ഇത്തരം പ്രവർത്തങ്ങൾ ക്ഷമിച്ചു നൽകുന്നതിന് കരണമാകുകയില്ല.ലോകം ഇത് കണക്കിലെടുക്കും എന്ന് തന്നെയാണ് ഞങ്ങൾ ഉറച്ചു വിശ്വസിയ്ക്കുന്നത്.

**ന്യൂ ഡൽഹി**

**നവംബർ** 15 , 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.